ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള ദൃഢ നിശ്ചയവുമായി രാജ്യം 80-ാം സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു.

   **The country celebrated its 80th Independence Day with a strong determination towards the goal of a developed India.**

2. രാജ്യത്തിന്റെ പുരോഗതിയിൽ സംഭാവന നൽകുന്നതിനായി വിദ്യാർഥികൾ അറിവും അച്ചടക്കവും സേവനമനോഭാവവും വളർത്തിയെടുക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Vice President C.P. Radhakrishnan urged students to develop knowledge, discipline and a spirit of service to contribute to the progress of the country.**

3. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'സൂര്യപഥ് തിരംഗ' ആഗോള റിലേക്ക് സമാപനം.

   **The 'Suryapath Tiranga' global rally organized as part of the 'Har Ghar Tiranga' campaign concluded.**

4. സാങ്കേതികവിദ്യാധിഷ്ഠിത ഗ്രാമവികസനം ശക്തിപ്പെടുത്തുന്നതിനായുള്ള **RSVC AMRIT** പ്ലാറ്റ്ഫോമിന് തുടക്കം കുറിച്ച് കേന്ദ്ര സർക്കാർ.

   **The Central Government launched the RSVC AMRIT platform to strengthen technology-based rural development.**

5. കേരളത്തിൽ ഓണക്കാലത്തിന്റെ ആരംഭം വിളിച്ചോതി ഇന്ന് തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്ര

അരങ്ങേറും.

**The Tripunithura Attachamaya procession will take place today to mark the beginning of the Onam season in Kerala.**

6. **ഹോക്കി ലോകകപ്പിൽ വെയിൽസിനെതിരെ ഇന്ത്യയ്ക്ക് വിജയം.**

**India wins against Wales in the Hockey World Cup.**

&&&&&&&&&&&&&&&&&

## INDEPENDENCE DAY (INTRO)

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള ദൃഢ നിശ്ചയവുമായി രാജ്യം 80-ാം സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. ഡൽഹിയിലെ ചുവപ്പ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്തു. ചരിത്രത്തിലാദ്യമായി പതാകയുയർത്തലിന് മുന്നോടിയായി 'വന്ദേമാതരവും ആലപിച്ചു. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 2047 ഓടെ രാജ്യം 100 ജിഗാവാട്ട്സ് ആണവോർജ്ജ ഉദ്പാദനം എന്ന ലക്ഷ്യത്തിലേക്കാണ് മുന്നേറുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(പിഎം ഹോൾഡ് വോയിസ്)

************************************

## VP- STUDENTS INTERACTION

രാജ്യത്തിന്റെ പുരോഗതിയിൽ അർത്ഥവത്തായ സംഭാവനകൾ നൽകുന്നതിനായി അറിവ്, അച്ചടക്കം, ആത്മവിശ്വാസം, സേവനമനോഭാവം എന്നിവ വിദ്യാർഥികൾ വളർത്തിയെടുക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. പഠനം, കായികം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയ്ക്ക് തുല്യപ്രാധാന്യം നൽകുന്നതിനൊപ്പം, ജിജ്ഞാസ നിലനിർത്താനും, വലിയ സ്വപ്നങ്ങൾ കാണാനും, പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താനും അദ്ദേഹം വിദ്യാർഥികളോട് ആഹ്വാനം ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്

ന്യൂഡൽഹിയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ഉപരാഷ്ട്രപതി.
***********************************

## PM I DAY WISHES

ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആശംസകൾ അറിയിച്ച ലോകനേതാക്കൾക്ക് നന്ദി രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, മാലിദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ, സ്ലോവാക് റിപ്പബ്ലിക് പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനി തുടങ്ങിയവർക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു. ഈ രാജ്യങ്ങളുമായി ദീർഘകാലം നിലനിൽക്കുന്ന പങ്കാളിത്തത്തെ ഇന്ത്യ അങ്ങേയറ്റം വിലമതിക്കുന്നുവെന്നും അത് കൂടുതൽ കരുത്താർജ്ജിച്ചുവരികയാണെന്നും ശ്രീ മോദി വ്യക്തമാക്കി.
***********************************

## PRESIDENT - RECEPTION

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക സ്വീകരണ ചടങ്ങ് സംഘടിപ്പിച്ചു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, കേന്ദ്രമന്ത്രിമാർ, വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികൾ, സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.
***********************************

## SURYAPATH TIRANGA - CULTURE MINISTRY

54 രാജ്യങ്ങളിലൂടെയും വിവിധ സമയമേഖലകളിലൂടെയും കടന്നുപോയ 'സൂര്യപഥ് തിരംഗ' ആഗോള റിലേ ഇന്നലെ പൂർത്തിയായി. കിഴക്ക് ഫിജിയിൽ തുടങ്ങി പടിഞ്ഞാറ് അമേരിക്കയിൽ സമാപിച്ച ഈ സംരംഭം 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായാണ് സംഘടിപ്പിച്ചതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഫിജിയിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ നിന്ന് ആരംഭിച്ച റിലേ, സാൻ ഫ്രാൻസിസ്കോയിലെ ഇന്ത്യൻ കോൺസൽ ജനറൽ പതാക ഉയർത്തിയതോടെയാണ് സമാപിച്ചത്.
***********************************

## AMIT SHAH-RAJASTHAN VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രാജസ്ഥാനിലെ 'അൽവാർ സരസ് ഡയറി കോംപ്ലക്സി'ൽ പുതിയ ഡയറി പ്ലാന്റിന്റെ തറക്കല്ലിടൽ ഇന്ന് നിർവഹിക്കും. രാജസ്ഥാനിലെ 17 ജില്ലകളിലായി 6,262 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും ഇതോടൊപ്പം ഓൺലൈനായി അദ്ദേഹം നിർവഹിക്കും. റോസ്ഗാർ ഉത്സവിന്റെ ഭാഗമായി പുതുതായി നിയമിക്കപ്പെട്ട 10,500-ലധികം ഉദ്യോഗസ്ഥർക്ക് നിയമന ഉത്തരവുകളും കേന്ദ്രമന്ത്രി വിതരണം ചെയ്യും.

************************************

## SOOD - RSVC AMRIT PLATFORM

സാങ്കേതികവിദ്യാധിഷ്ഠിത ഗ്രാമവികസനം ശക്തിപ്പെടുത്തുന്നതിന്റെ സുപ്രധാന ചുവടുവയ്പ്പായ RSVC AMRIT പ്ലാറ്റ്ഫോമിന് കേന്ദ്ര സർക്കാരിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് അജയ് കുമാർ സൂദ് ഇന്നലെ തുടക്കം കുറിച്ചു. ഗ്രാമീണ നവീകരണം, സാങ്കേതിക കൈമാറ്റം എന്നിവ പിന്തുണയ്ക്കുന്നതിനായുള്ള സമഗ്ര ഡിജിറ്റൽ ആവാസവ്യവസ്ഥയായിട്ടാണ് AMRIT രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് പ്രൊഫസർ സൂദ് പറഞ്ഞു.

************************************

## NTA-ANSWER KEYS

യു ജി സി നെറ്റ്, സി എസ് ഐ ആർ നെറ്റ്, അഖിലേന്ത്യ ഐക്കർ എൻട്രൻസ് പരീക്ഷ, പി എച്ച് ഡി പരീക്ഷ എന്നിവയുടെ പ്രൊവിഷണൽ ഉത്തരസൂചിക ഇന്ന് പുറത്തിറക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഏജൻസിയിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പുകൾ മാത്രമേ പരിഗണിക്കാവൂ എന്നും ഫലം വെബ്സൈറ്റിലാകും ലഭ്യമാകുക എന്നും എൻ ടി എ അറിയിച്ചു.

************************************

## VAJPAYEE--DEATH-ANNIVERSARY

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പെയുടെ ചരമ ദിനം ഇന്ന്. മൂന്ന് തവണ രാജ്യത്തിൻറെ പ്രധാനമന്ത്രി പദവി അലങ്കരിച്ച വാജ്പെയിക്ക് 2015 ൽ രാജ്യം ഭാരത രത്നം പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്.

************************************

## VP - TAMIL NADU

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ചെങ്കൽപട്ടിലെ എസ്.ആർ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ ഇന്ന് ഉപരാഷ്ട്രപതി സംബന്ധിക്കും. നാളെ, തിരുവാരൂരിലെ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് തമിഴ്നാടിന്റെ 11-ാമത് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. കൂടാതെ ചെന്നൈ, തഞ്ചാവൂർ എന്നിവിടങ്ങളിൽ നടക്കുന്ന വിവിധ അക്കാദമിക്, അനുസ്മരണ, സാഹിത്യ പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

**************************************

## ATHACHAMAYAM ONAM - CM (INTRO)

കേരളത്തിൽ ഓണക്കാലത്തിന് തുടക്കം കുറിച്ചുകൊണ്ട് ഇന്ന് തൃപ്പൂണിത്തുറയിൽ വർണ്ണാഭമായ അത്തച്ചമയ ഘോഷയാത്ര അരങ്ങേറും. അത്താഘോഷ പരിപാടികളുടെ ഉദ്ഘാടനം രാവിലെ മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിക്കും.

ഒരു റിപ്പോർട്ട്.....

(വോയിസ്)

*തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടക്കുന്ന പരിപാടിയിൽ മന്ത്രി അനൂപ് ജേക്കബ് അത്തപ്പതാക ഉയർത്തും. തുടർന്ന് നടക്കുന്ന അത്തം ഘോഷയാത്ര നടൻ മനോജ് കെ.ജയൻ ഫ്ലാഗ് ഓഫ് ചെയ്യും. അത്തം നഗറിൽ നിന്ന് ആരംഭിച്ച് തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിനു മുന്നിലൂടെ വടക്കേക്കോട്ട വരെ 4 കിലോമീറ്ററിലധികമാണ് ഘോഷയാത്രയുടെ പാത. രാജഭരണകാലത്ത് തൃപ്പൂണിത്തുറ ഹിൽ പാലസിൽ നിന്ന് കൊച്ചി രാജാവ് പ്രജകളെ കാണാൻ എത്തുന്ന ചടങ്ങായിരുന്നു അത്തച്ചമയം. പുലികളി, ചെണ്ടമേളം, തെയ്യം, തുടങ്ങി കേരളത്തിന്റെ തനത് നാടൻ കലാരൂപങ്ങളുടെയും മേളപ്പെരുക്കത്തിന്റെയും അകമ്പടിയോടെയാണ് ഘോഷയാത്ര മുന്നേറുക.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**************************************

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടക്കുക. പമ്പാ മേൽശാന്തിമാരുടെ നറുക്കെടുപ്പ് നാളെ നടക്കും.
************************************

## FIH HOCKEY WORLD CUP
ഹോക്കി ലോകകപ്പിൽ വെയിൽസിനെതിരെ ഇന്ത്യയ്ക്ക് വിജയം. ഗ്രൂപ്പ് ഡി മത്സരത്തിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഇന്ത്യ വിജയിച്ചത്. ഇന്ത്യയ്ക്കായി ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗും സഞ്ജയ് റാണയും ഗോളുകൾ നേടി.
************************************

## PIB FACT CHECK - IAF
ബുഡ്ഗാമിന് സമീപം ഇന്ത്യൻ Mi-17 ഹെലികോപ്റ്റർ പാകിസ്ഥാൻ സൈന്യം വെടിവെച്ചിട്ടെന്ന അവകാശവാദവുമായി പാകിസ്ഥാൻ അനുകൂല സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച വീഡിയോ വ്യാജമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം അറിയിച്ചു. 2019-ൽ ശ്രീനഗറിന് സമീപം ഇന്ത്യൻ വ്യോമസേനയുടെ ഹെലികോപ്റ്റർ സ്വന്തം വ്യോമപ്രതിരോധ സംവിധാനത്താൽ വെടിവെച്ചിടുകയാണുണ്ടായതെന്ന് PIB വ്യക്തമാക്കി.
************************************

## REV. EVE INDONESIA EARTHQUAKE
ഇന്തോനേഷ്യയിലുണ്ടായ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 47 ആയി ഉയർന്നു. 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ നൂറുകണക്കിന് കെട്ടിടങ്ങൾക്ക് നാശം സംഭവിച്ചു. വടക്കൻ സുമാത്ര മേഖലയിലും ഭൂചലനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ സുനാമിയിലും നാശനഷ്ടങ്ങളുണ്ടായി.
************************************

## ZIMBABWE - BOAT TOLL
സിംബാബ്‌വെയിലെ കരിബ തടാകത്തിൽ ബോട്ട് മറിഞ്ഞതിനെത്തുടർന്നുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 72 ആയി. ഇതിൽ 18 പേർ കുട്ടികളാണ്. 90 പേർക്ക് സഞ്ചരിക്കാവുന്ന ബോട്ടിൽ 153-ഓളം യാത്രക്കാരാണ് ഉണ്ടായിരുന്നത്. 77 പേരെ

രക്ഷപ്പെടുത്തിയതായി സിംബാബ്‌വെ ദുരന്തനിവാരണ ഏജൻസി അറിയിച്ചു.
************************************

## IMD-WEATHER

അരുണാചൽ പ്രദേശ്, പശ്ചിമ ബംഗാളിലെ ഗംഗാതീരം, ഒഡീഷ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ, ആന്ധ്രാപ്രദേശ്, വടക്കൻ ഉൾനാടൻ കർണാടക, തമിഴ്‌നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിലും ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ട്.
************************************

## ISRAEL-LEBANON STRIKE

തെക്കൻ ലെബനനിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 7 പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. 3 പേർക്ക് പരിക്കേറ്റിട്ടുണ്ട്. അതേസമയം ഹെസ്ബൊല്ല, ഇസ്രായേൽ സൈന്യത്തിനെതിരായി നടത്തിയ ആക്രമണത്തിന് തിരിച്ചടിയാണ് നൽകിയതെന്ന് ഇസ്രായേൽ വ്യക്തമാക്കി. ലെബനൻ പ്രധാനമന്ത്രി ആക്രമണത്തെ അപലപിച്ചു.
************************************

## AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം ഇന്ന് മുതൽ പൊതുജനങ്ങൾക്കായി തുറക്കും. അടുത്ത മാസം 15 വരെയാണ് ഉദ്യാനം പൊതുജനങ്ങൾക്കായി തുറന്നിടുന്നത്. സന്ദർശകർ രാഷ്ട്രപതി ഭവൻ വെബ്സൈറ്റ് വഴി ഓൺലൈനായി സന്ദർശന സമയം മുൻകൂട്ടി ബുക്ക് ചെയ്യണം.
************************************

## MANDAVIYA - INTERACT

വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് യുവാക്കളുടെ ഊർജ്ജവും അർപ്പണബോധവും നൂതന ആശയങ്ങളും അത്യന്താപേക്ഷിതമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷ വേളയിൽ 'മൈ ഭാരത്-എൻഎസ്എസ്' വോളന്റിയർമാരുമായി സംവദിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

*

******************

******************************************************